# ഗ്രാമവികസന കമ്മീഷണറേറ്റിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.

(ഹാജർ: അജിത് ദാസ്.എ)

വിഷയം:- ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം -നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടിയിട്ടില്ലാത്ത ജീവനക്കാരെ ക്ലാർക്ക് തസ്തികയിലേക്ക് റിവേർട്ട് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം;- 1. ഈ ഓഫീസിലെ 27.02.2016, 23.09.2016, 01.04.2017 എന്നീ തിയതികളിലെ 24520/എസ്റ്റാ.സി3/2006/സി.ആർ.ഡി നമ്പർ ഉത്തരവുകൾ.

2. തിരുവനന്തപുരം അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ 20/11/2019-ലെ ഡി2/3532/2019 നമ്പർ കത്ത്.

3. വയനാട് അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ 23/11/2019-ലെ ഡി1/1269/2017 നമ്പർ കത്ത്.

**ഉത്തരവ് നം.2317/എസ്റ്റാ.സി.3/2019/സിആർഡി    തീയതി: 19/12/2019**

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 13 A (1)(a) യിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് ആവശ്യമായ അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടുന്നതിൽനിന്ന് താല്ക്കാലികമായി ഒഴിവാക്കി സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നവരിൽ ചുവടെ പേര് ചേർത്തിട്ടുള്ള ജീവനക്കാർ നാളിതുവരെ അക്കൗണ്ട് ടെസ്റ്റ് യോഗ്യത പരീക്ഷ നേടിയിട്ടില്ലെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർ മേൽ പരാമർശം 2,3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാനക്കയറ്റ ഉത്തരവിന്റെ തിയതി | പ്രാബല്യ തിയതി |
|---|---|---|---|
| 1 | സജീവ്.എം.ബി | 27/02/2016 | 05/06/2015 |
| 2 | ബിന്ദു.പി.എം | 27/02/2016 | 10/02/2016 |
| 3 | വിമൽ കുമാർ. ആർ | 23/09/2016 | 10/02/2016 |

ഇപ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെടുന്ന ജീവനക്കാർ സ്ഥാനക്കയറ്റ പ്രാബല്യ തിയതി മുതൽ 3 വർഷക്കാലത്തിനുള്ളിൽ പ്രസ്തുത ടെസ്റ്റ് യോഗ്യത നേടുന്നില്ലെങ്കിൽ, ഏത് തസ്തികയിൽ നിന്നാണോ സ്ഥാനക്കയറ്റം നൽകപ്പെട്ടത്, അതേ തസ്തികയിലേയ്ക്ക് ടിയാൾ റിവേർട്ട് ചെയ്യപ്പെടേണ്ടതാണെന്ന് കെ.എസ് & എസ്.എസ്.ആർ ചട്ടം 13 എ(2)-ൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നെടുമങ്ങാട് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.സജീവ്.എം.ബി, വയനാട് ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിലെ സീനിയർ

ക്ലർക്ക് ശ്രീമതി.ബിന്ദു..പി.എം, പാറശ്ശാല ബ്ലോക്ക് ഡവലപ്‌മെന്റ് ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീ.വിമൽ കുമാർ.ആർ എന്നിവരെ കെ.എസ് &എസ്.എസ്.ആർ, ചട്ടം 13 എ, ഉപ ചട്ടം (2) പ്രകാരം സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് മുമ്പുള്ള ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉടനടി പ്രാബല്യത്തിൽ റിവേർട്ട് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ടി ജീവനക്കാർ സ്ഥാനക്കയറ്റത്തിന് അർഹത നേടുന്ന മുറയ്ക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് വീണ്ടും പരിഗണിക്കുന്നതാണ്.

മേൽ ജീവനക്കാരെ ക്ലാർക്ക് തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്തത് സംബന്ധിച്ച വിവരം ബന്ധപ്പെട്ട ഓഫീസ് മേധാവി ടിയാളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി റിവേർട്ട് ചെയ്യപ്പെട്ട തസ്തികയിൽ ടിയാൾക്ക് അർഹതപ്പെട്ട ശമ്പളം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

To

വ്യക്തികൾക്ക്
(ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖാന്തിരം)

പകർപ്പ്:

1. പ്രോജക്ട് ഡയറക്ടർ, പി.എ.യു, വയനാട്
2. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) , തിരുവനന്തപുരം/വയനാട്
3. ബ്ലോക്ക് ഡവലപ്‌മെന്റ് ഓഫീസർ, നെടുമങ്ങാട്/പാറശ്ശാല
4. ഗ്രാമവികസന കമ്മീഷണറുടെ സി.എ.
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.
6. പി.ആർ.ചേമ്പർ സെക്ഷൻ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻപ്രകാരം

19/12/19

ജൂനിയർ സൂപ്രണ്ട്